# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കണ്ണൂർ**

**670001**

**ഇ-മെയിൽ: doknr.ksad@kerala.gov.in**

**ഫോൺ : 0497-2707698**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.3/1028/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/08/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരിക്കൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.3/1028/2025 തീയ്യതി: 05/08/2025

## കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-07-2024 മുതൽ 08-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജ്യോതിഷ് കുമാർ.സി.വി | ഡെപ്യൂട്ടി ഡയറക്ടർ | 09-06-2025 | 18-06-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-06-2025 | 18-06-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സുരേശൻ.പി.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീ ആൽബർട്ട് ജോസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.രാജിമ,എ.സി,സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അഖിൽ മോഹൻ.ടി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ടി.പി. ഫാത്തിമ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി മോളി എം.വി. | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അക്ഷയ് പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി നീതു പി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ.അതുൽ മോഹൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2024 | 28-07-2024 |
| ഡോ.അരുൺ. പി സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 29-07-2024 | 31-03-2025 |
| ഡോ.അങ്കിത എ.എസ്. | വെറ്റിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി. അനുശ്രീ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ദീപ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ.ജിതേഷ് പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീ.സാരംഗ് എം | വി.ഇ.ഒ, ഇരിക്കൂർ | 01-04-2024 | 12-06-2024 |
| ശ്രീ. വിജിൽ വി | വി.ഇ.ഒ, ഇരിക്കൂർ | 13-06-2024 | 31-10-2024 |
| ശ്രീ. കമാലുദ്ധീൻ എൻ പി | വി.ഇ.ഒ, ഇരിക്കൂർ | 01-11-2024 | 13-01-2025 |
| ശ്രീ. സിന്ധൂപ് സി വി | വി.ഇ.ഒ, ഇരിക്കൂർ | 14-01-2025 | 31-03-2025 |
| ഡോ.ശ്രീകല എ.പി. | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ പത്രികയിലെ ആകെ കാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി | 1-1-3 |
| 5 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | ദുരിതാശ്വാസ നിധി : B-2, B-17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | കാപ്പിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുക ചേർത്തു | 1-1-7 |
| 9 | വികസനഫണ്ട് ജനറൽ, വികസന ഫണ്ട് ധനകാര്യകമ്മീഷൻ എന്നീ ഇനങ്ങളിലെ സുലേഖ ചെലവ് പത്രികയിലെ തുക വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ഡെപ്പോസിറ്റ് വിത്ത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ബാലൻസ് തുക തിരികെ ലഭ്യമായത് ബി-18 ഷെഡ്യൂളിലെ അഡ്വാൻസ് ശീർഷകത്തിൽ നിന്നും ക്രമീകരിച്ചില്ല | 1-1-9 |
| 11 | MGNREGA വാർഷികകണക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകൾ സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിലെ തുക I-6 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-11 |
| 13 | ആസ്തി, ഡിപ്രിസിയേഷൻ വാർഷികകണക്ക് പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായരേഖകൾ ലഭ്യമാക്കിയില്ല | 1-1-12 |
| 14 | വായ്പ രജിസ്റ്റർ പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുക വാർഷികകണക്കിലെ ബി-5 ഷെഡ്യൂളിലെ വായ്പ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | പഞ്ചായത്ത് ഫണ്ടിന് നെഗറ്റീവ് ബാലൻസ് | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തികനില | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമപദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | ഗ്രാമ സഭ /വർക്കിംഗ് ഗ്രൂപ്പ് | 1-10 |
| 25 | തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം വരുത്തിയ നികുതിദായകരിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിലുള്ള പിഴ ഈടാക്കിയില്ല. | 1-11 |
| 26 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതിലെ അപാകതകൾ | 1-12 |
| 27 | തനത് ഫണ്ട് പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു-പഞ്ചായത്തിന് വരുമാന നഷ്ടം | 1-13 |
| 28 | എസ് എസ് കെ വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ₹400000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-14 |
| 29 | ഐ.കെ.എം.വിഹിതം നൽകൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല ₹34948യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-15 |
| 30 | പത്താമുദയം-സമ്പൂർണസെക്കന്ററി വിദ്യാഭ്യാസ ജില്ല വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 1-16 |

| | | |
|---|---|---|
| | ₹39850 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | |
| 31 | സ്ട്രീറ്റ് മെയിൻ വലിക്കൽ - വിനിയോഗ വിവരം ലഭ്യമല്ല - ₹57810 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-17 |
| 32 | വി.കുട്ട്യാലി സാഹിബ് റീഡിംഗ് റൂം – ഫർണിച്ചർ വാങ്ങൽ - വിതരണ രേഖകൾ ലഭ്യമല്ല - ₹342282 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-18 |
| 33 | കുടിവെള്ള പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല -₹192000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 34 | സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിക്കുന്നതിന് തുക നൽകിയത് - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല - ₹25862യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 35 | MGNREG കുടുംബശ്രീ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ | 1-21 |
| 36 | തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി (എഎംസി) അപാകങ്ങൾ - ₹499333 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 37 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിന് സ്കോളർഷിപ്പ് - അപാകങ്ങൾ - ₹20000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 38 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ - നിർവ്വഹണത്തിൽ അപാകങ്ങൾ -₹15000 തടസ്സപ്പെടുത്തുന്നു | 1-24 |
| 39 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല - ₹1,63,833 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 40 | പെയിൻ ആൻഡ് പാലിയേറ്റിവ് കെയർ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല - ₹56616 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 41 | സാക്ഷരതാ പ്രേരകിന്റെ ഹോണറേറിയം തനത് ഫണ്ടിൽ നിന്നും അധികം അനുവദിച്ചു - ₹9600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 42 | ജൽ ജീവൻ മിഷൻ പദ്ധതി | 1-28 |
| 43 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-29 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT & PAYMENT STATEMENT | |

| | |
|---|---|
| 4 | INCOME & EXPENDITURE STATEMENT |
| 5 | BALANCE SHEET |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത്‌രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത്‌രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ - 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 9-5-2025 തീയതിയിലെ 6/2025 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 15-05-2025 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 31-03-2025 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii) സി & എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തി ലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെകുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
05.08.2025.

### 1-1-1 ക്യാഷ് ഫ്ലോ പത്രികയിലെ ആകെ കാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4878489 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-2017616 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച ക്യാഷ് ഫ്ലോസ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

### 1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) (ചട്ടം 62F), പ്രധാനപ്പെട്ട അക്കൗണ്ടിംഗ്

നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ (ചട്ടം 62 E) എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

3 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി

സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ (പ്രൊജക്ട് നമ്പർ 214 /25 ) എന്ന പ്രൊജക്ട് പ്രകാരം ₹57810, കെ.എസ്.ഇ.ബി യിലും, ചെവിടിക്കുന്ന് കുഴൽ കിണറും പമ്പ് സെറ്റ് സ്ഥാപിക്കലും (പ്രൊജക്ട് നമ്പർ 94 /25) എന്ന പ്രൊജക്ട് പ്രകാരം 92000 രൂപയും വെള്ളവയൽ കുടിവെള്ള പദ്ധതി (പ്രൊജക്ട് നമ്പർ 214/24) പ്രകാരം 100000 രൂപയും കണ്ണൂർ ഭൂജല വകുപ്പിലും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് ചെയ്ത തുക B-18 ഷെഡ്യൂളിൽ Advance To Implimenting Agencies എന്ന ശീർഷകത്തിലുൾപ്പെടുത്താതെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് ആസ്തിയായി രേഖപ്പെടുത്തി.

### 1-1-4 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ കാലികമാക്കിയിട്ടില്ല

കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ്, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവയിലെ കാപ്പിറ്റൽ ചെലവുകൾ മാത്രമേ ചേർത്തിട്ടുള്ളൂ. മറ്റ് ഗ്രാന്റുകളിൽ നിന്നുള്ള കാപ്പിറ്റൽ ചെലവുകൾ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ചേർത്തിട്ടില്ല. (MGNREGS, ഹെൽത്ത് ഗ്രാന്റ് എന്നിവയിലെ കാപ്പിറ്റൽ ചെലവുകൾ മേൽ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല)

### 1-1-5 ദുരിതാശ്വാസ നിധി : B-2, B-17 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല.

ദുരിതാശ്വാസനിധി ബാലൻസ് ഷീറ്റ് ബി -2 ഷെഡ്യൂളിലെ നീക്കിയിരിപ്പ് 30342രൂപയും ബി -17 ഷെഡ്യൂളിലെ നീക്കിയിരിപ്പ് 29842 രൂപയുമാണ്. ആയത് പൊരുത്തപ്പെടുന്നില്ല.

### 1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന അക്കൗണ്ടുകളിലെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള തുകയും ബി-17 ഷെഡ്യൂൾ പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല

| ക്രമനമ്പർ | ഹെഡ് | ബി -4 ഷെഡ്യൂൾ തുക | ബി -17 ഷെഡ്യൂൾ തുക |
|---|---|---|---|
| 1 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 4090312 | 3563344 |
| 2 | ഹെൽത്ത് ഗ്രാന്റ് (ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ) | 297698 | 297927 |
| 3 | ഹെൽത്ത് ഗ്രാന്റ് (വെൽനസ്സ് ഗ്രാന്റ് ) | 490235 | 490006 |
| 4 | ലിറ്ററസി | 2055 | 2051 |

### 1-1-7 കാപ്പിറ്റൽ വർക്ക് ഇൻ പ്രൊഗ്രസ്സിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുക ചേർത്തു

കാപ്പിറ്റൽ വർക്ക് ഇൻപ്രോഗ്രസിൽ മുൻവർഷത്തെ അതേ നീക്കിയിരിപ്പ് തുകയാണ് കാണിച്ചിട്ടുള്ളത്. തൻവർഷം പാർട്ട് ബിൽ നൽകിയ പ്രവൃത്തികളുടെ വിവരം ഈ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല. മുൻ വർഷത്തെ പൂർത്തിയായ പ്രവൃത്തികളുടെ മൂല്യം അസറ്റ് ഹെഡിലേക്ക് മാറ്റിയിട്ടില്ല.

### 1-1-8 വികസനഫണ്ട് ജനറൽ, വികസന ഫണ്ട് ധനകാര്യകമ്മീഷൻ എന്നീ ഇനങ്ങളിലെ സുലേഖ ചെലവ് പത്രികയിലെ തുക വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകയുമായി പൊരുത്തപ്പെട്ടുന്നില്ല

വികസനഫണ്ട് ജനറൽ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ചെലവ് 8619958രൂപയും സുലേഖ ചെലവ് പത്രിക പ്രകാരം 8579578 രൂപയുമാണ്. സി എഫ് സി ഗ്രാന്റ് സുലേഖ ചെലവ് പത്രിക പ്രകാരം 2000722 രൂപയും വാർഷിക കണക്ക് പ്രകാരം 1413761 രൂപയുമാണ്. മേൽ ചെലവുകൾ പൊരുത്തപ്പെടാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

### 1-1-9 ഡെപ്പോസിറ്റ് വിത്ത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ബാലൻസ് തുക തിരികെ ലഭ്യമായത് ബി-18 ഷെഡ്യൂളിലെ അഡ്വാൻസ് ശീർഷകത്തിൽ നിന്നും ക്രമീകരിച്ചില്ല

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് ചെയ്ത 964675 രൂപയിൽ 882183 രൂപ ക്രമീകരിക്കുകയും ബാക്കി തുക ഗ്രാമപഞ്ചായത്തിലേക്ക് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 64955 രൂപ ക്രമീകരിക്കാൻ ബാക്കിയുള്ളതായി തൻ വർഷത്തെ ബി-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടിട്ടുണ്ട്.

### 1-1-10 MGNREGA വാർഷികകണക്ക് പ്രകാരമുള്ള വരവ് ചെലവ് തുകകൾ സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കിയ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

MGNREGA വാർഷികകണക്ക് പ്രകാരമുള്ള തുകകൾ സ്ഥാപനത്തിൽ ലഭ്യമാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. MGNREGA ഫിനാൻഷ്യൽ പെർഫോമൻസ് റിപ്പോർട്ട് പ്രകാരം 2024-25 വർഷത്തെ ആകെ ചെലവ് 117.53 ലക്ഷം രൂപയിൽ നൽകാൻ ബാക്കിയുള്ള 2.84 ലക്ഷം കുറച്ചാൽ 114.69 ലക്ഷം ആണ് തൻവർഷത്തെ ചെലവ്. എന്നാൽ അക്കൗണ്ട് (I-14, I-14F) പ്രകാരം ആകെ ചെലവ് ₹11450032 ആണ്. MGNREGA വാർഷിക കണക്ക് പ്രകാരമുള്ള വരവ് 506875 (RP-30) രൂപയാണ്. എന്നാൽ യഥാർത്ഥ വരവ് 451875 രൂപയാണ് 55080രൂപ തെറ്റായി വരവെടുത്തതിനാലാണ് വരവ് തുകയിൽ വ്യത്യാസം വന്നത്.

### 1-1-11 സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിലെ തുക I-6 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം ഇനത്തിൽ 210000 രൂപ ടി വർഷം ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് വാർഷിക കണക്കിലെ I-6 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-12 ആസ്തി, ഡിപ്രിസിയേഷൻ വാർഷികകണക്ക് പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായരേഖകൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം ബാലൻസ് ഷീറ്റിൽ (ബി-11-ൽ) ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ -2011, ചട്ടം 80 ൽ പരാമർശിച്ചതനുസരിച്ചുള്ളതും B-11 ഷെഡ്യൂളിൽ പരാമർശിച്ചതുമായ ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തൻവർഷത്തെ ആസ്തികൾക്ക് Depreciation രേഖപ്പെടുത്തിയിട്ടുള്ള ഷെഡ്യൂളിന്റെ I-17 ആധികാരികത സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

### 1-1-13 വായ്പ രജിസ്റ്റർ പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുക വാർഷികകണക്കിലെ ബി-5 ഷെഡ്യൂളിലെ വായ്പ തുകയുമായി പൊരുത്തപ്പെടുന്നില്ല

വായ്പ രജിസ്റ്റർ പ്രകാരമുള്ള വായ്പാ ബാധ്യതയും വാർഷികകണക്ക് പ്രകാരമുള്ള വായ്പാ ബാധ്യത തുകയും പൊരുത്തപ്പെടുന്നില്ല. ബി-5 ഷെഡ്യൂൾ പ്രകാരമുള്ള വായ്പാ ബാധ്യതയിൽ സ്ഥാപനത്തിന് പ്രസ്തുതവായ്പ നിക്ഷേപിച്ച അക്കൗണ്ടിൽ നിന്നും ലഭ്യമായ 27456 രൂപ പലിശ കൂടി ഉൾപ്പെടുത്തിയാണ് ചേർത്തിട്ടുള്ളത്. ആയത് യഥാർത്ഥ വായ്പാ ബാധ്യതയെ പ്രതിഫലിപ്പിക്കുന്നില്ല. വായ്പ രജിസ്റ്റർ വർഷാന്ത സംക്ഷിപ്തം ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

### 1-1-14 പഞ്ചായത്ത് ഫണ്ടിന് നെഗറ്റീവ് ബാലൻസ്

2024-25 സാമ്പത്തിക വർഷത്തെ പഞ്ചായത്ത് ഫണ്ട് ബി1 ഷെഡ്യൂളിൽ നെഗറ്റീവ് ബാലൻസാണ് (-1,32,57,985 രൂപ). മുൻ വർഷവും നെഗറ്റീവ് ബാലൻസാണുള്ളത്. പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് ആവാനുള്ള വ്യക്തമായ കാരണം കണ്ടെത്തി രേഖകൾ സഹിതം വിശദാംശംങ്ങൾ അറിയിക്കേണ്ടതാണ്

### 1-2 ബജറ്റ്

ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 14-02-2024 ലെ തീരുമാനം നമ്പർ 1/24 പ്രകാരവും പുതുക്കിയ ബജറ്റ് 01-03-25ലെ 1/25-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 40149413 | 10117219 |
| വരവ് | 165605683 | 88172653 |
| ആകെ | 205755096 | 98289872 |
| ചെലവ് | 185134087 | 75826376 |
| നീക്കിയിരിപ്പ് | 20621009 | 22463496 |

## 1-3 സാമ്പത്തികനില

| | |
|---|---|
| മുൻബാക്കി | 13549703 |
| വരവ് തുക | 38709801 |
| ആകെ | 52259504 |
| ചെലവ് തുക | 33831312 |
| നീക്കിയിരിപ്പ് | 18428192 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1857134 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട് മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ലാപ്സ്/ നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 8620000 | 8620000 | 8579578 | 40422 |
| വികസന ഫണ്ട് എസ്.സി.പി | 0 | 369000 | 369000 | 341000 | 28000 |
| മെയിന്റനൻസ് റോഡ് | 0 | 6271000 | 6271000 | 6136994 | 134006 |
| മെയിന്റനൻസ് നോൺറോഡ് | 0 | 11751000 | 11751000 | 8285851 | 3465149 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 348795 | 3319000 | 3667795 | 969314 | 2698481 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 338872 | 1497406 | 1836278 | 444447 | 1391831 |

| | | | | | |
|---|---|---|---|---|---|
| ഐസിഡിഎസ് | 29603 | 1776848 | 1806451 | 1487468 | 318983 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് | 1128794 | 38538 | 1167332 | 0 | 1167332 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് – പരിശീലനം | 769288 | 0 | 769288 | 0 | 769288 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് (കുടുംബശ്രീ) | 198302 | 0 | 198302 | 0 | 198302 |
| ശുചിത്വം | 496813 | 0 | 496813 | 0 | 496813 |
| ചെയർ പേഴ്സൺ ട്രെയിനിംഗ് (കില) | 18340 | 0 | 18340 | 18340 | 0 |
| ഹെൽത്ത് ഗ്രാന്റ് | 305976 | 485133 | 791109 | 300874 | 490235 |
| സാക്ഷരത | 2,053 | 2 | 2,055 | 0 | 2,055 |
| സ്പെസിഫിക് പർപ്പസ് ഗ്രാന്റ് – ഹെൽത്ത് ഗ്രാന്റ് – പി എച്ച് സി അടിസ്ഥാന സൗകര്യ വികസനം | 82006 | 285230 | 367236 | 69538 | 297698 |
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 564000 | 564000 | 564000 | 0 |
| റൂറൽ ഹൗസിങ്ങ് | 700000 | 1500000 | 2200000 | 1600000 | 600000 |
| മുനിസിപ്പൽ കോർപ്പറേഷൻ ഫണ്ട് | 250224 | 0 | 250224 | 0 | 250224 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 206 | 147792080 | 151 | 39282526 | 50 | 101 | 55 | 49% |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ-

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 13 | 2729206 | 1764588 | 64.66 |
| വെറ്റിനറി സർജ്ജൻ | 7 | 6 | 1490000 | 917361 | 61.57 |
| മെഡിക്കൽ ഓഫീസർ, CHC | 15 | 9 | 2773855 | 1161111 | 41.86 |
| മെഡിക്കൽ ഓഫീസർ, | 8 | 8 | 1852271 | 1701328 | 91.85 |

| | | | | | |
|---|---|---|---|---|---|
| ആയുർവ്വേദം | | | | | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25 | 15 | 100340806 | 9613244 | 9.58 |
| ICDS സൂപ്പർവൈസർ | 22 | 21 | 7854631 | 5649741 | 71.93 |
| സെക്രട്ടറി | 40 | 25 | 7772671 | 4035569 | 51.92 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 68 | 46 | 21723640 | 13601514 | 62.61 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 150000 | 99546 | 66.36 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 7 | 1105000 | 738524 | 66.83 |
| **ആകെ** | 206 | 151 | 147792080 | 39282526 | 26.58 |

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 451875 | 451875 | 450300 | 1575 |
| തൊഴിലാളികൾക്കുള്ള കൂലി | 0 | 10999732 | 10999732 | 10999732 | 0 |
| ആകെ തുക | 0 | 11451607 | 11451607 | 11450032 | 1575 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1140800 | 69 |
| വിധവാ പെൻഷൻ | 10171900 | 650 |
| വാർദ്ധക്യകാല പെൻഷൻ | 12616500 | 873 |
| ഭിന്നശേഷി പെൻഷൻ | 3445600 | 277 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 64000 | 4 |
| വിവാഹ ധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-06-2025 ന് ഉച്ചക്ക് ശേഷം 2-15 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 1356/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഫയലുകളും അനുബന്ധ രേഖകളും രജിസ്റ്ററുകളും നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ട്. ജീവനക്കാർ പുതുതായി ഓഫീസിൽ ജോലിയിൽ പ്രവേശിക്കുമ്പോഴും വിട്ടുപോകുമ്പോഴും അതാത് സമയങ്ങളിൽ തന്നെ ഓഫീസ് ഉത്തരവുകൾ മുഖേന ചുമതലകളും മറ്റ് നിർദ്ദേശങ്ങളും നൽകി വരുന്നുണ്ട്. മിക്കവാറും എല്ലാ മാസങ്ങളിലും ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. മുഖ്യമായും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളും വസ്തുനികുതി പിരിവ് അവലോകനവുമാണ് മീറ്റിംഗ് അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പ്രവർത്തന പുരോഗതിയും അവലോകനം ചെയ്യപ്പെടാത്തത് ന്യൂനതയാണ്. ജീവനക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർവ്വചിച്ചുകൊണ്ടുള്ള സമഗ്രമായ ജോലി വിഭജന രേഖ തയ്യാറാക്കിയതായി കാണുന്നില്ല. 2024-25 കാലയളവിൽ LGMS

സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. ഫ്രണ്ട് ഓഫീസ് മുഖേന കാര്യക്ഷമമായ നിലയിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ ഒടുക്കിവരുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം മൂന്ന തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായ ഇടവേളകളിൽ വിളിച്ച് ചേർത്ത് പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ട്.

ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും ഏതാനും ചില പോരായ്മകൾ പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രതിമാസ യോഗങ്ങളിൽ തനത് നികുതി പിരിവ് അവലോകനം എല്ലായ്പ്പോഴും ചർച്ചചെയ്യപ്പെടുന്നില്ല. പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നതും, വൗച്ചറുകളും ബില്ലുകളും അംഗീകരിക്കലുമാണ് മിക്കവാറും എല്ലാ യോഗങ്ങളിലും നടന്നിട്ടുള്ളത്. തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിലുള്ള നിർദ്ദേശങ്ങളോ മറ്റ് വരുമാന സ്രോതസ്സുകളെപ്പറ്റിയോ ഉള്ള ചർച്ചകളോ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്ത് ഓഫീസിലെ സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. വാങ്ങിച്ച സാധനങ്ങളുടെ വിവരം ഏത് തീയതിയിൽ ചേർക്കുന്നുവെന്നോ എവിടെ ചേർക്കുന്നുവെന്നോ എന്ന് വ്യക്തമല്ല. തയ്യാറാക്കിയിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധനക്ക് വിധേയമാക്കപ്പെടുന്നില്ല. പോരായ്മകൾ പരിഹരിച്ച് പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കുറ്റമറ്റരീതിയിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ഗ്രാമ സഭ /വർക്കിംഗ് ഗ്രൂപ്പ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം കുറഞ്ഞപക്ഷം മൂന്ന മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ (2024-25 വർഷം) ആകെയുള്ള 13 വാർഡുകളിലും രണ്ട് തവണ മാത്രമേ ഗ്രാമസഭകൾ ചേർന്നിട്ടുള്ളൂ. ആഗസ്റ്റ്, ജനവരി മാസങ്ങളിലാണ് ഗ്രാമസഭകൾ ചേർന്നിട്ടുള്ളത്. ഗ്രാമസഭകളിൽ പങ്കെടുത്തവരുടെ പേര് വിവരം പൂർണ്ണമായി എഴുതാതെ ക്രമ നമ്പർ മാത്രം എഴുതി ഒഴിച്ചുവിടുന്ന പ്രവണത ഒഴിവാക്കേണ്ടതായുണ്ട്. അതുപോലെ വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ഗ്രാമസഭവഴി തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേര് വിവരം മിനുട്സിൽ എഴുതുന്നില്ല. വ്യക്തിഗത ആനുകൂല്യങ്ങൾക്കായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളെ അംഗീകരിച്ചുവെന്ന് മാത്രം എഴുതുന്നത് ശരിയായ രീതിയല്ല. ആനുകൂല്യങ്ങൾക്കായി തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ പേര് വിവരം പ്രൊജക്ട് അടിസ്ഥാനത്തിൽ ഗ്രാമസഭ മിനുട്സുകളിൽ എഴുതേണ്ടതാണ്. കൂടാതെ ഗ്രാമസഭ മിനുട്സുകൾ എഴുതി പൂർത്തിയാക്കാതെ രജിസ്റ്റർ പരിപാലിച്ചുവരുന്നതായും കാണുന്നു. നിയമാനുസൃത ഗ്രാമസഭകൾക്ക് പുറമെ ജനുവരി മാസത്തിൽ ഭിന്നശേഷി ഗ്രാമസഭ, പട്ടിക ജാതി ഗ്രാമസഭ, വയോജന ഗ്രാമസഭ, വനിത ഗ്രാമസഭ, കുട്ടികളുടെ ഗ്രാമസഭ തുടങ്ങിയ പ്രത്യേക ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2024-25 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായുള്ള വികസന സെമിനാർ 21.12.2023 തീയതിയിൽ നടന്നു. 2024-25 കാലയളവിൽ പഞ്ചായത്ത് ആസൂത്രണസമിതി ഒരു തവണ മാത്രമാണ് ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകൾ രണ്ട് തവണയും യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗ മിനിട്സുകളിൽ യോഗ തീരുമാനങ്ങൾ വ്യക്തമായി എഴുതുന്നില്ല. യോഗത്തിൽ നടത്തിയ ചർച്ചകളെപറ്റിയും മറ്റു നിർദ്ദേശങ്ങളും വിശദമായി എഴുതി ഉത്തരവാദപ്പെട്ടവർ ഒപ്പ് വച്ച് ക്ലോസ് ചെയ്യാതെയാണ് യോഗ മിനുട്ട്സ് സൂക്ഷിക്കുന്നത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് യോഗമിനിട്സുകളുടെ പരിപാലനം കുറ്റമറ്റ രീതിയിലാവേണ്ടതായുണ്ട്.

## 1-11 തൊഴിൽ നികുതി അടവാക്കുന്നതിൽ കാലതാമസം വരുത്തിയ നികുതിദായകരിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിലുള്ള പിഴ ഈടാക്കിയില്ല.

സർക്കാരിന്റെ 28-03-2023 തീയതിയിലെ നമ്പർ 15 (2) ലെഗ്.എ2/2023/നിയമം വിജ്ഞാപനം പ്രകാരം 01-04-2023 പ്രാബല്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 209 ഇ വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ടിലെയോ അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ ബൈലോകളിലെയോ വ്യവസ്ഥകൾക്ക് കീഴിൽ നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം അത് നൽകേണ്ടതായ തീയതി മുതൽ പ്രതിമാസം രണ്ട് ശതമാനം നിരക്കിലുള്ള (ഒരു ശതമാനമായിരുന്നത് 01-04-2023 പ്രാബല്യത്തിൽ രണ്ട് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്) പിഴ ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം 2023 ഏപ്രിൽ ഒന്ന് മുതൽ രണ്ട് ശതമാനം നിരക്കിൽ പിഴ ഈടാക്കേണ്ടതുണ്ട്. (ഒരു അർദ്ധവർഷത്തിൽ നൽകേണ്ടതായി തീർന്നതും നൽകേണ്ടതുമായ ഏതെങ്കിലും തുക അതേ അർദ്ധവർഷത്തിൽ നൽകുന്ന പക്ഷം പിഴ ഈടാക്കേണ്ടതില്ല). എന്നാൽ ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി സെപ്റ്റംബർ മാസത്തിന് ശേഷം അടച്ചപ്പോൾ നികുതിക്ക് പിഴ ഒക്ടോബർ മാസം മുതലാണ് ഈടാക്കിയതെന്ന് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഐ എൽ ജി എം എസ് എന്നിവ പരിശോധിച്ചതിൽ നിന്ന് വ്യക്തമായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ | തൊഴിൽ നികുതി അടച്ച | തൊഴിൽ | ഈടാക്കിയ | ഈടാക്കേണ്ട | കുറവ് |
|---|---|---|---|---|---|

| പേര് | രസീത് നമ്പർ / തീയതി | നികുതി രൂപ | പിഴ രൂപ | പിഴ രൂപ | വന്ന തുക രൂപ |
|---|---|---|---|---|---|
| സെക്രട്ടറി ഇരിക്കൂർ സഹകരണ ബാങ്ക് | 1240101356/ 08.10.2024 | 10550 | 211 | 422 | 211 |
| എമി ഗോൾഡ് | 1240104762/ 26.03.2025 | 360 | 36 | 50 | 14 |
| എച് എൻ സി ഹോസ്പിറ്റൽ | 1240101413/ 15.10.2024 | 8350 | 167 | 334 | 167 |
| കാരുണ്യ ഡെന്റൽ ക്ലിനിക് | 1240103512/ 19.02.2025 | 1850 | 86 | 222 | 136 |
| പെട്രോൾ പമ്പ് | 1240104798/ 27.03.2025 | 2400 | 240 | 336 | 96 |
| പട്ടുവം വാണീവിലാസം Alp സ്കൂൾ | 1240101308/ 07.10.2024 | 6250 | 125 | 250 | 125 |
| എക്സിക്യൂട്ടീവ് ഓഫീസർ , മാമാനിക്കുന്ന് ക്ഷേത്രം | 1240300099/01.10.2024 | 56300 | - | 2252 | 2252 |

മേൽ സർക്കാർ ഉത്തരവിൽ/വിജ്ഞാപനത്തിൽ നിഷ്കർഷിച്ച പ്രകാരം പിഴ ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(32/17.06.2025) മറുപടിയായി തൊഴിൽ നികുതി ഇനത്തിൽ നികുതിദായകരിൽ നിന്നും ഈടാക്കേണ്ടിയിരുന്ന നിരക്കിലുള്ള പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിലെ ഉദാഹരണങ്ങളിൽ പരാമർശിച്ചവരിൽ നിന്നുൾപ്പെടെ 2024-25 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി വൈകി അടവാക്കിയതിന് പിഴ ഈടാക്കാത്തതും കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയതുമായ മുഴുവൻ നികുതിദായകരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ് .

## 1-12 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക ഈടാക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബൈല പ്രകാരം മുറികൾ കൈവശം വയ്ക്കുവാനുള്ള അവകാശം വർഷാ വർഷമോ പരമാവധി മൂന്ന് വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കോ മാർച്ച് 31 ന് അവസാനിക്കും വിധം പരസ്യ ലേലം മുഖേന ഉറപ്പിക്കുന്ന വാടകയുടെ അടിസ്ഥാനത്തിൽ നൽകേണ്ടതാണെന്നും, പഞ്ചായത്ത് കമ്മിറ്റിക്ക് യുക്തമെന്ന് തോന്നുന്ന അധിക വാടക (പരമാവധി നിലവിലുള്ള വാടകയേക്കാൾ 5 %) നിശ്ചയിച്ച് വീണ്ടും മുൻവാടകക്കാരെ ലേലം കൂടാതെ മുറികൾ വാടകയ്ക്ക് നൽകാമെന്നും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ചുവടെ കൊടുത്ത സ്ഥാപനങ്ങൾ 3 വർഷത്തിൽ അധികമായി വാടക നിരക്ക് പുതുക്കാതെ ഉപയോഗിച്ച് വരുന്നുണ്ട്.

| സ്ഥാപനത്തിന്റെ പേര് | വാർഡ് / കെട്ടിട നമ്പർ | ഈടാക്കുന്ന വാടക |
|---|---|---|
| തവക്കൽ കുടുംബശ്രീ | 6/525,527,531 | 3647 |
| മർഹബ കുടുംബശ്രീ | 6/529 | 1042 |
| സ്വരലയ കുടുംബശ്രീ | 6/526 | 1216 |

പ്രസ്തുത സ്ഥാപനങ്ങൾ വാടക കരാർ പുതുക്കാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്നത് അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.13/13.6.2025) മറുപടിയായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച വാടക ബൈലോ ബഹു. പ്രിൻസിപ്പൽ ഡയറക്ടർ അംഗീകരിച്ച് ഉത്തരവായത് 12.12.2024 തീയതിയിൽ ആയതിനാൽ 2025 -26 വർഷം

മുതൽ കെട്ടിട വാടക നിരക്ക് പുതുക്കി നിശ്ചയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-13 തനത് ഫണ്ട് പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നു-പഞ്ചായത്തിന് വരുമാന നഷ്ടം

ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇരിക്കൂർ ബ്രാഞ്ചിൽ ഇ-പേമെന്റിനായി സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നം. 37218344067) 31.03.2025 ൽ 189330 രൂപ നീക്കിയിരിപ്പുണ്ട്. ഗ്രാമ പഞ്ചായത്തിൽ യു പി ഐ അധിഷ്ഠിത പേയമെന്റ് സംവിധാനം തുടങ്ങുന്നതിന്റെ ഭാഗമായി കാനറ ബാങ്ക് ഇരിക്കൂർ ശാഖയിൽ സെക്രട്ടറിയുടെ പേരിൽ ആരംഭിച്ച കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 120024208241 ) 31-3-2025 ന് 715167 രൂപയും നീക്കിയിരിപ്പുണ്ട്. പൊതുജനങ്ങൾ ഓൺലൈനായി അടക്കുന്ന നികുതികൾ ഈ അക്കൗണ്ടുകളിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. കറണ്ട് അക്കൗണ്ട് ആയതിനാൽ ഈ അക്കൗണ്ടിൽ ലഭിക്കുന്ന പണത്തിന് യാതൊരു വിധ പലിശയും ലഭിക്കുന്നതല്ല. ആയതിനാൽ അക്കൗണ്ടിൽ ലഭിക്കുന്ന നികുതി നികുതിയേതര വരവുകൾ പലിശ ലഭിക്കുന്ന മറ്റ് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതായിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21-7-2023 ലെ LSGD 20073/2023 നമ്പർ സർക്കുലർ പ്രകാരം ഇത്തരം അക്കൗണ്ടുകളിൽ കൂടി നടത്തുന്ന ഇടപാടുകൾ സംബന്ധിച്ച് കൂടുതൽ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ പ്രസ്തുത കറണ്ട് അക്കൗണ്ടുകളിൽ നിന്നും 2024-25 വർഷം രണ്ട് തവണ മാത്രമേ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളൂ. പലിശ രഹിത അക്കൗണ്ടിൽ ഇപ്രകാരം തുക സൂക്ഷിക്കുന്നതിലൂടെ ഗ്രാമ പഞ്ചായത്തിന് പലിശയിനത്തിൽ തുക നഷ്ടപ്പെടാൻ ഇടയാവുന്നുണ്ട്. പലിശരഹിത അക്കൗണ്ടിലെ തുക കൃത്യമായി ഗ്രാമ പഞ്ചായത്തിന്റെ പലിശ ലഭിക്കുന്ന മറ്റ് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റുന്നതിനും ആയത് വഴി പലിശ നഷ്ടം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 എസ് എസ് കെ വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - ₹400000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ / പേര് | 3/25 എസ് എസ് കെ വിഹിതം നൽകൽ |
| അടങ്കൽ | ₹ 400000 (വികസന ഫണ്ട് – പൊതുവിഭാഗം – സാധാരണ വിഹിതം) |
| ചെലവ് | ₹400000 ബിൽ നമ്പർ: 280/10.03.2025 |

എസ്.എസ്.കെ വിഹിതം നൽകൽ എന്ന മേൽ പ്രോജക്ട് പ്രകാരം, ₹400000 എസ്.എസ്.കെ പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. സ.ഉ(കൈ) നം 84/2022/ത.സ്വ.ഭ.വ തീയ്യതി 19.01.2022 ഖണ്ഡിക 8.6(4)ൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണം എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 4/12-6-2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാവാത്തതിനാൽ ₹400000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 ഐ.കെ.എം.വിഹിതം നൽകൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല ₹34948യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 2/25, ഐ.കെ.എം.വിഹിതം നൽകൽ |
| അടങ്കൽ | ₹ 35000<br>(വികസനഫണ്ട്-പൊതുവിഭാഗം) |
| ചെലവ് | ₹34948 ബിൽ നമ്പർ: 279/10.03.2025 |

ഐ.കെ.എം.വിഹിതം നൽകൽ 2024-25 എന്ന പദ്ധതിയിൽ ഐ.കെ.എം ൽ നിന്നും ലഭ്യമായ ഡിമാന്റ് നോട്ടീസ് അനുസരിച്ച് 34948 രൂപ മേൽ ബിൽ ഐ കെ എം ന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/12-6-2025) ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രത്തിനായി കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാവുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹34948യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 പത്താമുദയം-സമ്പൂർണസെക്കന്ററി വിദ്യാഭ്യാസ ജില്ല വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല ₹39850 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ, പേര് | 122/25,പത്താമുദയം-സമ്പൂർണസെക്കന്ററി വിദ്യാഭ്യാസ ജില്ല |
| അടങ്കൽ | ₹50000-വികസന ഫണ്ട് |
| ചെലവ് | ₹39850 ബിൽ നമ്പർ: 29/09.05.2025 |

പത്താമുദയം-സമ്പൂർണ സെക്കന്ററി വിദ്യാഭ്യാസ പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് പതിനൊന്ന് പഠിതാക്കളുടെ പത്താംതരം തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷ ഫീസ് എന്നീ ഇനങ്ങളിലായി 1850 രൂപ പ്രകാരം 20350 രൂപ കേരള സംസ്ഥാന സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്കും ഹയർസെക്കണ്ടറി തുല്യത കോഴ്സിലെ (പ്ലസ് വൺ) പതിനഞ്ച് പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് പരീക്ഷ ഫീസ് എന്നീ ഇനങ്ങളിലായി 2600 വീതം നൽകാനുള്ളതിൽ പഞ്ചായത്ത് വിഹിതം ഇനത്തിൽ 15 പേർക്ക് 1300 രൂപ പ്രകാരം 19500 രൂപ ഡയറക്ടർ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ അക്കൗണ്ടിലേക്കും മേൽ ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പഠിതാക്കളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത പഠിതാക്കളിൽ എത്ര പേർ കോഴ്സ് പൂർത്തിയാക്കിയെന്നും പരീക്ഷ എഴുതിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/12-6-2025) ന് ലഭ്യമാക്കിയ മറുപടിയിൽ മുഴുവൻ പഠിതാക്കളും കോഴ്സ് പൂർത്തിയാക്കി എന്നും പത്താംതരം തുല്യതയിൽ 7 പേർ പരീക്ഷ എഴുതി എന്നും 4 പേർ അടുത്ത വർഷം പരീക്ഷ എഴുതുന്നതാണ് എന്നും പ്ലസ് വൺ വിദ്യാർത്ഥികൾ പതിനഞ്ച് പേരും പ്ലസ് ടു വിൽ ആയി എന്നും അറിയിച്ചിട്ടുണ്ട്. കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവക്കായി കത്ത് നൽകിയിട്ടുണ്ട് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹39850 യുടെ

ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-17 സ്ട്രീറ്റ് മെയിൻ വലിക്കൽ – വിനിയോഗ വിവരം ലഭ്യമല്ല – ₹57810 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 214/25, സ്ട്രീറ്റ് മെയിൻ വലിക്കൽ |
| അടങ്കൽ | ₹50000-വികസന ഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>₹9642 - തനത് ഫണ്ട്<br>ആകെ – ₹59642 |
| ചെലവ് | ₹57810 |
| ബിൽ നം./തീയതി/തുക (ACR പ്രകാരം) | 344/24-3-25 ₹50000 വികസന ഫണ്ട് (ധനകാര്യകമ്മീഷൻ ഗ്രാന്റ് )<br>382/28-3-25 ₹7810 -തനത് ഫണ്ട് |

ഗ്രാമ പഞ്ചായത്തിന്റെ പതിനൊന്നാം വാർഡിൽ 500 മീറ്റർ ദൂരത്തിൽ കുളിഞ്ഞ മുതൽ അരയാൽ വരെ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ എസ് ഇ ബി ഇരിക്കൂർ സെക്ഷന്റെ ഡിമാന്റ് നോട്ടീസ് നമ്പർ ഡി ബി /ഡിമാന്റ് നോട്ട് / ഇ എസ് / ഇരിക്കൂർ /2024-25 /307/Dt 18-3-2025 അനുസരിച്ച് മേൽ ബില്ലുകൾ പ്രകാരം ₹57810 അസിറ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ ഇരിക്കൂറിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. കെ എസ് ഇ ബിയുമായി ഗ്രാമ പഞ്ചായത്ത് ഏർപ്പെട്ട 20-3-2025 തീയതിയിലെ കരാറിൽ 31-3-2025 നകം പണി പൂർത്തിയാക്കുന്നതാണ് എന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/12-6-2025) ലഭ്യമാക്കിയ മറുപടിയിൽ ആയതിന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹57810 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-18 വി.കുട്ട്യാലി സാഹിബ് റീഡിംഗ് റൂം – ഫർണിച്ചർ വാങ്ങൽ – വിതരണ രേഖകൾ ലഭ്യമല്ല – ₹342282 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 234/25, വി.കുട്ട്യാലി സാഹിബ് റീഡിംഗ് റൂം – ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹344000-മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം ) |
| ചെലവ് | ₹342282 ബിൽ നമ്പർ: 332/21.03.2025 |

വി.കുട്ട്യാലി സാഹിബ് റീഡിംഗ് റൂം – ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം റീഡിംഗ് റൂമിലേക്ക് LEWIS CHAIR -52 എണ്ണം, DIAS -FIVE SEATER, – 5 എണ്ണം, സീനിർ എക്സിക്യൂട്ടീവ് ചെയർ -8 എണ്ണം, പോഡിയം സ്റ്റൂൾ -1, ബുക്ക് ഷെൽഫ് സ്റ്റൂൾ -1 എന്നിവ റബ്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുണ്ട്. എന്നാൽ മേൽ ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകിയതിന്റെ വിതരണ രേഖകൾ ലഭ്യമല്ല ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/12.06.2025) പ്രസ്തുത റീഡിംഗ് റൂം ഗ്രാമ പഞ്ചായത്തിന്റെ ആസ്തി ആയതിനാലാണ് ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തത് എന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത ഫർണിച്ചറുകൾ റീഡിംഗ് റൂമിന് നൽകിയതിന്റെയും സ്ഥാപനത്തിന്റെ സ്റ്റോക്കിൽ എടുത്തതിന്റെയും രേഖകൾ ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ₹342282 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-19 കുടിവെള്ള പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല –₹192000 യുടെ ചെലവ്

**തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 196/25, വെള്ള വയൽ കുടിവെള്ള പദ്ധതി | 94/25, ചെവിടിക്കുന്ന് കുഴൽ കിണറും പമ്പ്സെറ്റും സ്ഥാപിക്കൽ |
| അടങ്കൽ | ₹ 300000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) | ₹ 300000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | ₹100000<br>ബിൽ നം. 303/13-3-2025 | ₹92000<br>ബിൽ നം. 289/11-3-2025 |

വെള്ള വയൽ കുടിവെള്ള പദ്ധതി, ചെവിടിക്കുന്ന് കുഴൽ കിണറും പമ്പ്സെറ്റും സ്ഥാപിക്കൽ എന്നീ കുടിവെള്ള പദ്ധതികൾക്കായി ജില്ലാ ഓഫീസർ ഭൂജല വകുപ്പിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ് അനുസരിച്ച് മേൽ കാണിച്ച ബില്ലുകൾ പ്രകാരം യഥാക്രം ₹100000യും ₹92000യും ജില്ലാ ഓഫീസർ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. മേൽ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/13-6-2025) വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് നൽകിയത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ₹192000 (₹10000+₹92000) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിക്കുന്നതിന് തുക നൽകിയത് - പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല - ₹25862യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ/തുക – 22400852/22-1-2025 ₹25862

കോളാടി അംഗൻവാടി റോഡിൽ സ്ട്രീറ്റ് ലൈറ്റ് കൺട്രോളർ സ്ഥാപിക്കുന്നതിനും 20 എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കുന്നതിന്റെ സൂപ്പർ വിഷൻ ചാർജ്ജും കൂടി ജി എസ് ടി ഉൾപ്പെടെ KSEB യുടെ കത്തിന്റെ അടിസ്ഥാനത്തിൽ KSEB അസിസ്റ്റന്റ് എഞ്ചിനീയർ ഇരിക്കൂറിന് മേൽ വൗച്ചർ പ്രകാരം 25862 രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഇവ ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/17-6-2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെയും വിനിയോഗ സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ ₹25862 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 MGNREG കുടുംബശ്രീ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 208/25, MGNREG കുടുംബശ്രീ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ |
| അടങ്കൽ | ₹225000 - തനത് ഫണ്ട് |
| ചെലവ് | ₹93200 ബിൽ നമ്പർ: 386/29.03.2025 |

MGNREG കുടുംബശ്രീ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം വുഡൻ ടേബിൾ -4, വുഡൻ ചെയർ -8, സ്റ്റീൽ ഷെൽഫ് -4 എന്നിവ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ച് ലഭ്യമായ അഞ്ച് ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്കായി കാണിച്ച് റാഷിദ് കായക്കൽ എന്നിവരുടെ ടെണ്ടർ ആണ് അംഗീകരിച്ചത്. പ്രോജക്ടിന്റെ പദ്ധതി

നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) അംഗീകരിച്ച പ്രൊജക്റ്റിൽ വാങ്ങാൻ ഉദ്ദേശിക്കുന്ന ഫർണിച്ചറുകളുടെ വിവരം സ്പെസിഫിക്കേഷൻ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഫർണിച്ചറിന്റെ ഇനങ്ങൾ സ്പെസിഫിക്കേഷൻ എന്നിവ ഭരണസമിതി തീരുമാനത്തിനധിഷ്ഠിതമായി ചെയ്യുന്നു എന്നാണ് പ്രോജക്റ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

2) ടെണ്ടർ പരസ്യത്തിലും വുഡൻ ടേബിൾ -4, വുഡൻ ചെയർ -8, സ്റ്റീൽ ഷെൽഫ് -4 എന്ന് മാത്രമാണ് കാണിച്ചിട്ടുള്ളത്. ഫർണിച്ചറിന്റെ വലിപ്പം ,മറ്റ് പ്രത്യേകതകൾ, മരത്തിന്റെ തരം, സ്റ്റീൽ ഷെൽഫിന്റെ വലിപ്പം, ആവശ്യമുള്ള ഗേജ് എന്നിവ കാണിച്ചിട്ടില്ല.

3) ലഭ്യമായ ടെണ്ടറുകളുടെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ എല്ലാ ടെണ്ടറുകളിലും ഓരോ ഇനത്തിനും സമർപ്പിച്ച നിരക്കുകൾ ചേർത്തിട്ടില്ല. ഉദാഹരണത്തിന് ഫിഡ്കോ അസോസിയേറ്റ്സ്, റോയൽ ഏജൻസീസ് എന്നീ സ്ഥാപനങ്ങൾ ടേബിൾ, വുഡൻ ചെയർ എന്നീ ഇനങ്ങൾക്ക് നിരക്ക് കാണിച്ചിട്ടുണ്ടെങ്കിലും ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ ആയത് കാണിക്കാതെയാണ് ടെണ്ടറുകൾ താരതമ്യം ചെയ്തിട്ടുള്ളത്. ടാബുലേഷൻ സ്റ്റേറ്റ്മെന്റിൽ വുഡൻ ടേബിൾ വലിപ്പോട് കൂടിയത് (42*38) ആഞ്ഞിലി, സ്റ്റീൽ ഷെൽഫ് (18 Guage 78*36*18) വുഡൻ ചെയർ വിത്ത് ആം (ആഞ്ഞിലി) എന്നിവയുടെ റേറ്റ് മാത്രമാണ് ചേർത്തത്. റബ് വുഡ്, മഹാഗണി എന്നീ മരങ്ങളുടെ മേശ കസേര എന്നിവക്ക് കുറഞ്ഞ നിരക്ക് മറ്റ് ടെണ്ടറുകളിൽ കാണിച്ചിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെയാണ് ടാബുലേഷൻ തയ്യാറാക്കിയിട്ടുള്ളത്. ടാബുലേഷൻ തയ്യാറാക്കിയത് ഭരണസമിതി അംഗീകരിച്ച സ്പെസിഫിക്കേഷനെ അടിസ്ഥാനമാക്കിയാണ് എന്ന് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

4) ഫർണിച്ചറിന്റെ സ്പെസിഫിക്കേഷൻ വാങ്ങൽ നടപടിക്രമത്തിലെ ഒരു ഘട്ടത്തിലും കാണിക്കാതെ ടാബുലേഷൻ തയ്യാറാക്കുമ്പോൾ മാത്രം സ്പെസിഫിക്കേഷൻ കാണിച്ച് ടെണ്ടർ അംഗീകരിച്ചതിന്റെ കാരണം വ്യക്തമല്ല.

5) വിവിധ സ്പെസിഫിക്കേഷനിലുള്ള ഫർണിച്ചറിന്റെ ഗുണനിലവാരം പർച്ചേസിംഗ് കമ്മിറ്റി പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ കമ്മിറ്റി തീരുമാനം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/12-6-2025) ലഭ്യമാക്കിയ മറുപടിയിൽ സപ്ലയർമാർ സമർപ്പിച്ച ഫണിച്ചറുകൾ പ്രൊക്വയർമെന്റ് കമ്മിറ്റി പരിശോധിച്ച് സ്പെസിഫിക്കേഷൻ നിശ്ചയിച്ച് ആയതിന്റെ അടിസ്ഥാനത്തിലാണ്. ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയത് എന്നും ആയത് ഭരണസമിതി അംഗീകരിച്ചതായും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച പ്രൊക്വയർമെന്റ് കമ്മിറ്റി മിനുട്സിൽ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങേണ്ട ഫർണിച്ചറുകളുടെ സ്പെസിഫിക്കേഷൻ ടെണ്ടർ അംഗീകരിക്കേണ്ട സമയത്ത് മാത്രം നിശ്ചയിച്ച് ടെണ്ടർ അംഗീകരിക്കുന്നതും ലഭ്യമായ മറ്റ് ടെണ്ടറുകളുടെ നിരക്കുകൾ പരിഗണിക്കാത്തതും ശരിയായ നടപടിയല്ല. വാങ്ങൽ നടപടിക്രമങ്ങളിൽ പ്രൊക്വയർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി (എഎംസി) അപാകങ്ങൾ - ₹499333 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ/പേര് | 189/25, തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി (എഎംസി) |
| അടങ്കൽ | ₹366000 (വികസന ഫണ്ട്)<br>₹134000 (തനത് ഫണ്ട്)<br>ആകെ: ₹500000 |
| ചെലവ് | ₹499333 |
| ബിൽ നമ്പർ/തീയതി, തുക | വികസന ഫണ്ട്<br>30/29-5-2024 ₹166000<br>287/11-3-2025 ₹200000<br>തനത് ഫണ്ട്<br>288/11.3.2025 ₹133333 |

തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി (എഎംസി) എന്ന മേൽ പ്രൊജക്റ്റ് ബഹുവർഷ പദ്ധതിയായി

നടപ്പാക്കാനാണ് വിഭാവനം ചെയ്തത് 18-10-2023 ൽ പദ്ധതിക്കായി കരാർ വെച്ചതിൽ 166000 രൂപ 2023-24 വർഷവും 340000 രൂപ 2024-25 വർഷവും ആകെ മൂന്ന് ഗഡുക്കളായി നൽകാനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

1) പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ലഭ്യമായ രണ്ട് ടെണ്ടറുകളിൽ വിവിധ ഇനം ബൾബുകൾക്ക് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ജോസ് കെ എം എന്നവരുടെ ടെണ്ടർ ആണ് അംഗീകരിച്ചത്. എന്നാൽ ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനത്തിൽ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ജോസ് കെ എം എന്നവരുടെ നിരക്ക് കുറഞ്ഞ നിരക്കായതിനാൽ അംഗീകരിച്ചതായാണ് രേഖപ്പെടുത്തിയത്. രണ്ടാമത്തെ ടെണ്ടർ സമർപ്പിച്ച സാജൻ ജെ എന്നവരുടെ ടെണ്ടർ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10% അധികം ആണെന്നും തീരുമാനത്തിൽ കാണിച്ചിട്ടുണ്ട് (12-10-2023ലെ തീരുമാനം നമ്പർ 1/23(1). എന്നാൽ മേൽ പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) വിവിധ വാർഡുകളിലെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ട് എന്ന മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് മേൽ ബില്ലുകൾ പ്രകാരം മൂന്ന് ഗഡുക്കളായി തുക നൽകിയിട്ടുള്ളത്. എന്നാൽ സാക്ഷ്യപത്രത്തിൽ തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ക്വാട്ട് ചെയ്ത നിരക്കിനനുസൃതമായാണോ തുക നൽകിയത് എന്ന് വ്യക്തമല്ല. തെരുവ് വിളക്കുകളുടെ റിപ്പയർ വിശദാംശങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ റിപ്പയർ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3) കരാറുകാരനുമായി ഏർപ്പെട്ട കരാറിൽ 650 തെരുവ് വിളക്കുകളുടെ പരിപാലനം വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും കരാറുകാരൻ സമർപ്പിച്ച ഇൻവോയ്സിൽ റിപ്പയർചെയ്ത തെരുവ് വിളക്കുകളുടെ വിശദാംശം രേഖപ്പെടുത്താതെ ഒന്നാംഗഡു, രണ്ടാംഗഡു, മൂന്നാം ഗഡു എന്ന് മാത്രമാണ് രേഖപ്പെടുത്തിയത്. റിപ്പയർ ചെയ്ത ബൾബുകളുടെ എണ്ണം, ഇനം എന്നിവ പരിശോധിക്കാതെ കരാറുകാരന് തുക നൽകിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/12-6-2025) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിക്കായി രണ്ട് വർഷങ്ങളിലായി 5 ലക്ഷം രൂപ അടങ്കലായാണ് പദ്ധതി രൂപീകരിച്ചത് എന്നും അടങ്കൽ തുകയാണ് എസ്റ്റിമേറ്റ് തുകയായി ജോസ് കെ എം എന്നവർ ക്വാട്ട് ചെയ്തതത് എന്നും സാജൻ എന്നവർ 10% അധികം നിരക്ക് ആണ് ക്വാട്ട് ചെയ്തത് എന്നും ആയതിനാലാണ് ജോസ് കെ എം എന്നവരുടെ ടെണ്ടർ അംഗീകരിച്ചത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സമർപ്പിച്ച ടെണ്ടറിൽ ഓരോ ഇനം ബൾബിന്റെയും മെയിന്റനൻസ് നിരക്ക് പ്രത്യേകമായി കാണിച്ചിട്ടുണ്ട്. ആയതനുസരിച്ചാണോ എസ്റ്റിമേറ്റ് തുക നിശ്ചയിച്ചത് എന്ന് വ്യക്തമല്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കെ എസ് ഇ ബിയുമായുള്ള സംയുക്ത പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയതിൽ 10 വാർഡുകളിലായി 305 വിളക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പതിമൂന്ന് വാർഡുകളിൽ ബാക്കിയുള്ള മൂന്ന് വാർഡിൽ സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ മറുപടിയിലും ഹാജരാക്കിയ തെരുവ് വിളക്ക് രജിസ്റ്റർ പ്രകാരവും ഗ്രാമപഞ്ചായത്തിൽ 778 വിളക്കുകൾ ഉണ്ട്. എന്നാൽ കരാറുകാരനുമായി വെച്ച കരാറിൽ 650 തെരുവ് വിളക്കുകളുടെ പരിപാലനം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവ് വിളക്കുകളുടെ മുഴുവൻ എണ്ണവും കരാറിൽ ഉൾപ്പെടുത്താതെ കരാർ ചമച്ചതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. എ എം സി ആയതിനാലാണ് റിപ്പയർ ചെയ്ത തെരുവ് വിളക്കിന്റെ എണ്ണം പരിശോധിക്കാതെ തുക ഗഡുക്കളായി നൽകിയത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ക്വാട്ട് ചെയ്ത നിരക്ക് റിപ്പയർ ചെയ്ത തെരുവ് വിളക്കിന്റെ എണ്ണം എന്നിവ പരിശോധിക്കാതെ തുക നൽകിയത് ശരിയായ നടപടി അല്ല.
ബൾബുകളുടെ യഥാർത്ഥ എണ്ണം പരിശോധിക്കാതെയാണ് കരാർ ഉടമ്പടി വെച്ചിട്ടുള്ളത് . മേൽ കാരണങ്ങളാൽ ₹499333 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിന് സ്കോളർഷിപ്പ് - അപാകങ്ങൾ - ₹20000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 22/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിന് സ്കോളർഷിപ്പ് |
| അടങ്കൽ | ₹20000 (വികസനഫണ്ട്) SCP |

| | |
|---|---|
| ചെലവ് | ₹20000 ബിൽ നമ്പർ: 136/24.10.2024 |

പട്ടികജാതിയിൽപ്പെടുന്ന ഒരു വിദ്യാർത്ഥിക്ക് ഉപരിപഠനത്തിന് ധനസഹായം നൽകുന്നതിന വേണ്ടിയാണ് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇരിട്ടി എം.ജി കോളേജിലെ ഒന്നാംവർഷ ബി എസ് സി കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥി വാസുദേവ് സി എന്ന വിദ്യാർത്ഥിക്കാണ് ഇരുപതിനായിരം രൂപ ധനസഹായം നൽകിയിട്ടുള്ളത്. സ.ഉ.(കൈ) 115/22/ ത.സ്വ.ഭ.വ. തീയതി 28-5-2022 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.4(ii) ൽ നിഷ്കർഷിച്ച വ്യവസ്ഥ പ്രകാരം ഈ ആനുകൂല്യത്തിനായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിയുടെ പേര് ഗ്രാമസഭയിൽ വെച്ച് അംഗീകാരം വാങ്ങിക്കേണ്ടതായുണ്ട്. ഗ്രാമസഭയുടെ അംഗീകാരം ലഭ്യമായത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/13.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മാത്രവുമല്ല വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട രജിസ്റ്റർ സൂക്ഷിച്ചിട്ടുമില്ല. ഇക്കാരണങ്ങളാൽ ₹20000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ - നിർവ്വഹണത്തിൽ അപാകങ്ങൾ -₹15000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 21/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| അടങ്കൽ | ₹15000 (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് | ₹15000 ബിൽ നമ്പർ: 246/25.02.2025 |

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകുന്നതിനാണ് മേൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി ഹൈടെക്ക് ഫർണിച്ചർ, ഇരിക്കൂർ എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം.L1120/24.02.2025 പ്രകാരം 15000/-രൂപക്ക് മൂന്ന് വീതം കമ്പ്യൂട്ടർ ടേബിളും സ്റ്റൂളും വാങ്ങിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ ചേർത്ത അപാകങ്ങളുണ്ട്.

1. ഫർണിച്ചർ വിതരണം ചെയ്യുന്നതിനായി ലഭിച്ച മുഴുവൻ ക്വട്ടേഷനുകളും ഫയലിൽ ലഭ്യമല്ല. വിതരണം ചെയ്ത സ്ഥാപനത്തിന്റെ ക്വട്ടേഷൻ മാത്രമാണ് ഫയലിൽ ഉള്ളത്.

2. ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികൾക്ക് പട്ടികജാതി വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ധനസഹായം കിട്ടിയിട്ടില്ല എന്ന സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല.

3. വിദ്യാർത്ഥികൾക്ക് പഠനകാലയളവിൽ നേരത്തെ ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല.

4. സാധനങ്ങൾ വിതരണം ചെയ്ത ഹൈടെക്ക് ഫർണിച്ചർ, ഇരിക്കൂർ എന്ന സ്ഥാപനത്തിന്റെ ജി എസ് ടി ബിൽ ഇല്ല.

5. ക്വട്ടേഷൻ പരസ്യത്തിൽ ഏത് തരത്തിലുള്ള സാധനങ്ങൾ വേണമെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

6. വാങ്ങിച്ച സാധനത്തിന്റെ ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല.

7. സാധനങ്ങൾ വിതരണം ചെയ്ത സ്ഥാപനവുമായി കരാർ വെച്ചിട്ടില്ല.

8. വാങ്ങിച്ച സാധനങ്ങൾ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്തിട്ടില്ല.

9. ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ് ഗ്രാമസഭയിൽ വെച്ച് അംഗീകാരം വാങ്ങിച്ചിരുന്നോ എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

10.തയ്യാറാക്കിയ പ്രൊജക്ടിൽ എത്ര പേർക്ക് ആനുകൂല്യം നൽകുന്നുവെന്ന് പരാമർശിച്ചിട്ടില്ല.

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/13.06.2025)മറുപടി ലഭ്യമാക്കിയിട്ടില്ല.

ജി.ഒ(പി) നം.259/2010തസ്വഭവ തീ.08.11.2010 ലെ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകളും സ.ഉ.(കൈ) 115/22/ ത.സ്വ.ഭ.വ. തീയതി 28-5-2022 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.2.6 ൽ നിഷ്കർഷിച്ച വ്യവസ്ഥകളും പാലിക്കാതെ പ്രൊജക്ട് നിർവ്വഹണം നടത്തിയിട്ടുള്ളതിനാൽ ₹15000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-25 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല - ₹1,63,833 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രൊജക്റ്റ് നമ്പർ/പേര് | 67/25, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹3,00,000 (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | ₹3,00,000<br>ബിൽ നമ്പർ - 210/24.01.2025 |
| പ്രൊഫോർമ ഇൻവോയിസ് നമ്പർ / തീയതി | PF 937/21-12-2024 -₹300000 |

മേൽ പ്രൊജക്റ്റ് പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങുന്നതിനായി ₹3,00,000 കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO) മാനേജിങ് ഡയറക്ടർക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ₹1,36,167 മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ മാത്രമേ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ₹163833 (₹300000-₹136167) യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 16-06-2025 ൽ നൽകിയ 25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ₹1,63,833 യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറക്ക് വിവരം അറിയിക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. മരുന്ന് ലഭ്യമാകാത്തതിനാൽ ₹1,63,833 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ ലഭ്യമായില്ല - ₹56616 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| പ്രോജക്റ്റ് നമ്പർ, പേര് | 80/25, സാന്ത്വന പരിചരണ പരിരക്ഷ |

| | |
|---|---|
| അടങ്കൽ | ആകെ – ₹7,70,000<br>₹3,50,000 വികസന ഫണ്ട് പൊതുവിഭാഗം<br>₹70,000 തനത് ഫണ്ട്<br>₹350,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ചെലവ് | ആകെ – ₹5,59,005<br>₹2,48,859 വികസന ഫണ്ട് പൊതുവിഭാഗം<br>₹60,870 തനത് ഫണ്ട്<br>₹2,49,276 ബ്ലോക്ക് പഞ്ചായത്ത് വിഹിതം |

മേൽ പ്രോജക്റ്റിന്റെ ചെലവുമായി ബന്ധപ്പെട്ട മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിച്ച ₹249276 യിൽ ഉൾപ്പെട്ട ബിൽ നമ്പർ 723/10.03.2025 പ്രകാരമുള്ള ₹56876 (പ്രൊഫോർമ ഇൻവോയിസ് PRF 4130/07.03.2025) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ₹56876 യുടെ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു 16-06-2025ൽ നൽകിയ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ₹260 യുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ എന്നും ബാക്കി മരുന്നുകൾ മുഴുവനായും ലഭ്യമായിട്ടില്ല എന്നും ലഭ്യമാകുന്ന മുറക്ക് വിവരം അറിയിക്കുന്നതാണ് എന്നുമാണ് അറിയിച്ചത്. ആയതിനാൽ ₹56616 (₹56876-₹260) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 സാക്ഷരതാ പ്രേരകിന്റെ ഹോണറേറിയം തനത് ഫണ്ടിൽ നിന്നും അധികം അനുവദിച്ചു – ₹9600 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ – 22400213 Dt 5-7-2024

ചെലവ് തുക – ₹24000

മേൽ വൗച്ചർ പ്രകാരം സാക്ഷരതാ പ്രേരകിന്റെ ഏപ്രിൽ മേയ് മാസത്തെ സാലറി തുകയിനത്തിൽ ₹24000 ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് സാധാ 743/2024 /Lsgd Dt 12-4-2024 പ്രകാരം സാക്ഷരതാ പ്രേരക് മാരുടെ ഹോണറേറിയത്തിന്റെ 60% തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമിനത്തിൽ നൽകാനാണ് വ്യവസ്ഥ ചെയ്തത് എങ്കിലും മുഴുവൻ തുകയും മേൽവൗച്ചർ പ്രകാരം തനത് ഫണ്ടിൽ നിന്നാണ് അനുവദിച്ചത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 31/17-6-2025) ലഭ്യമാക്കിയ മറുപടിയിൽ വേതനം ഇനത്തിൽ അനുവദിച്ച തുക തിരികെ ലഭ്യമാക്കുന്നതിന് സാക്ഷരത മിഷന് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ഉത്തരവിന് വിരുദ്ധമായി തനത് ഫണ്ടിൽ നിന്നും അധികമായി അനുവദിച്ച 9600 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ജൽ ജീവൻ മിഷൻ പദ്ധതി

എല്ലാ വീടുകളിലും ഗാർഹിക ടാപ്പ് കണക്ഷൻ മുഖേന ആവശ്യമായ ശുദ്ധജലം എത്തിക്കുക എന്നതാണ് ജൽ ജീവൻമിഷൻ പദ്ധതിയുടെ ലക്ഷ്യം. ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/11-6-2025) ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ട് വളരെ കുറവായ ഗ്രാമ പഞ്ചായത്തായതിനാൽ ജൽ ജീവൻ മിഷൻ പദ്ധതിക്കായി ഗ്രാമ പഞ്ചായത്ത് നാളിതുവരെ തുക വകയിരുത്തിയിട്ടില്ല എന്നും 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ സ്ഥാപനവിഹിതം ഇനത്തിലും ഗുണഭോക്തൃവിഹിതം ഇനത്തിലും വാട്ടർ അതോറിറ്റിക്ക് തുക നൽകിയിട്ടില്ല എന്ന വിവരമാണ് ലഭ്യമാക്കിയിട്ടുള്ളത്.

## 1-29 ഹെൽത്ത് ഗ്രാന്റ് വിനിയോഗം – അവലോകനം

തദ്ദേശസ്ഥാപനങ്ങളിലെ പ്രാഥമികാരോഗ്യ പരിരക്ഷാസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 2021-22 മുതൽ 2025-26 വരെയുള്ള 5 വർഷക്കാലത്തേക്ക് പതിനഞ്ചാം ധനകാര്യ കമ്മീഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം.

2132/2022/ LSGD തീ 31.8.2022 പ്രകാരവും 2022-23ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2156/2022/ LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 9-8-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ എഫ്.എം 3/138/2023 തസ്വഭവ തീ 23.5.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 1, 3, 4 എന്നിവയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ളത്. സ്കീം 2 ബ്ലോക്ക് പഞ്ചായത്തിനും സ്കീം 5, 6 എന്നിവ നഗരസഭാസ്ഥാപനങ്ങൾക്കുമാണ് ബാധകം. സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം നൽകുന്നു. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തു ന്നതിനായി തുക വകയിരുത്തുന്നു. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സ്കീം 4 പ്രകാരം തുക അനുവദിക്കുന്നത്

1. ഇരിക്കൂർ ഗ്രാമപഞ്ചായത്തിന് 2021-22 മുതൽ നാളിതുവരെ (2025-26) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയുടെയും, അതിൽ നിന്നുള്ള ചെലവിനെയും സംബന്ധിച്ച വിവരങ്ങൾ.

A

| സ്കീം നമ്പർ | പദ്ധതി വിഭാവനം ചെയ്ത പ്രകാരം ഹെൽത്ത് ഗ്രാന്റ്-തുക | | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ | ബാങ്ക് പലിശ |
|---|---|---|---|---|---|---|---|---|
| സ്കീം-I | കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യസ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | Sub Centre | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| | | FHC/ PHC | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | |
| സ്കീം-III | രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ | | 178161 | 676000 | 282000 | ഇല്ല | 1136161 | 14808 |
| സ്കീം-IV | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | | 80000 | 298000 | 475000 | ഇല്ല | 853000 | 15847 |
| | ആകെ | | 258161 | 974000 | 757000 * | 00 | | 30655 |

*2023-24 വർഷത്തിൽ സ്കീം III, IV ലെ അലോട്ട്മെന്റ് 757000 രൂപ ലഭ്യമായിട്ടില്ല.

B

| സ്കീം നമ്പർ | ലഭിച്ച ഹെൽത്ത് ഗ്രാന്റ്-ചെലവ് | | 2021-22 | 2022-23 | 2023-24 | 2024-25 | ആകെ |
|---|---|---|---|---|---|---|---|
| സ്കീം-I | കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യസ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | Sub Centre | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| | | PHC/ FHC | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സ്കീം-III | രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ | | 178161 | 675717 | ഇല്ല | ഇല്ല | 853878 |
| സ്കീം-IV | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ | | 80000 | 298000 | ഇല്ല | ഇല്ല | 378000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | നടപ്പാക്കൽ | | | | | | |
| | ആകെ | | 258161 | 973717 | 00 | 00 | 1231878 |

2.വിവിധ വർഷങ്ങളിലായി ചെലവഴിച്ച ഹെൽത്ത് ഗ്രാന്റ് തുകയുടെ വിവരങ്ങൾ

| സാമ്പത്തിക വർഷം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ/ ഫണ്ട് ഇനം | ചെലവ് |
|---|---|---|---|---|
| 2022-23 | മെഡിക്കൽ ഓഫീസർ | 169 -ഇരിക്കൂർ ഗവ. ഹോസ്പിറ്റലിന്റെ സബ് സെന്ററിൽ ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനം | 80000 | 76923 |
| 2022-23 | മെഡിക്കൽ ഓഫീസർ | 168 - ഇരിക്കൂർ ഗവ. ആശുപത്രിയിൽ രോഗ നിർണ്ണയ സംവിധാനമൊരുക്കൽ | 178161 | 60134 |
| 2023-24 | മെഡിക്കൽ ഓഫീസർ | 185 - ഇരിക്കൂർ ഗവ. ഹോസ്പിറ്റലിന്റെ സബ് സെന്ററിൽ ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനം | 298000 | 157000 |
| 2023-24 | മെഡിക്കൽ ഓഫീസർ | 157 - ഇരിക്കൂർ ഗവ. ആശുപത്രിയിൽ രോഗ നിർണ്ണയ സംവിധാനമൊരുക്കൽ | 118027 | 117165 |
| 2023-24 | മെഡിക്കൽ ഓഫീസർ | 184 - ഇരിക്കൂർ ഗവ. ആശുപത്രിയിൽ രോഗ നിർണ്ണയ സംവിധാനമൊരുക്കൽ | 676000 | 450244 |
| 2024-25 | മെഡിക്കൽ ഓഫീസർ | 210 - ഇരിക്കൂർ ഗവ. ഹോസ്പിറ്റലിന്റെ സബ് സെന്ററിൽ ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനം | 141000 | 141000 |
| 2024-25 | മെഡിക്കൽ ഓഫീസർ | 211 - ഇരിക്കൂർ ഗവ. ഹോസ്പിറ്റലിന്റെ സബ് സെന്ററിൽ ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനം | 3077 | 3077 |
| 2024-25 | മെഡിക്കൽ ഓഫീസർ | 213- ഇരിക്കൂർ ഗവ. ആശുപത്രിയിൽ രോഗ നിർണ്ണയ സംവിധാനമൊരുക്കൽ | 225756 | 225473 |

| | | | | |
|---|---|---|---|---|
| 2024-25 | മെഡിക്കൽ ഓഫീസർ | 212 - ഇരിക്കൂർ ഗവ. ആശുപത്രിയിൽ രോഗ നിർണ്ണയ സംവിധാനമൊരുക്കൽ | 862 | 862 |
| | | | ആകെ | 1231878 |

3.ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ(31.03.2025 ലെ നീക്കിയിരിപ്പ് Bank A/C Number സഹിതം )

| കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യസ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം | രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ | കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ |
|---|---|---|
| ഇല്ല | ₹282283 – A/C No: 110043202015 | ₹475000 – A/C No:110043201988 |

4. എച്ച് എം സി അക്കൌണ്ടിലേക്കോ മറ്റേതെങ്കിലും അക്കൗണ്ടിലേക്കോ ഹെൽത്ത് ഗ്രാന്റ് തുക കൈമാറിയിട്ടില്ല.
5. സ്കീം III, IV എന്നിവ പ്രകാരം ലഭിച്ച തുക നാളിതുവരെ (2024-25) പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. സ്കീം1 പ്രകാരമുള്ള തുക നാളിതുവരെ ലഭ്യമായിട്ടില്ല. സ്കീം III പ്രകാരം ലഭ്യമായിട്ടുള്ള തുകയിൽ, 2021-22 വർഷം മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. 2022-23 വർഷം ലഭിച്ച തുകയിൽ 283 രൂപ മാത്രമാണ് ചെലവഴിക്കാൻ ബാക്കിയുള്ളത്. 2023-24 വർഷത്തെ പദ്ധതി നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്നു. സ്കീം IV പ്രകാരം ലഭ്യമായിട്ടുള്ള തുകയിൽ, 2021-22, 2022-23 വർഷം ലഭ്യമായ മുഴുവൻ തുകയും വിനിയോഗിച്ചിട്ടുണ്ട്. 2023-24 വർഷത്തെ പദ്ധതി നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്നു.
6. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് റെഫ്രിജറേറ്റർ, ഹെമറ്റോളജി അനലൈസർ എന്നീ ആസ്തികൾ സൃഷ്ടിച്ചിട്ടുണ്ട്.

ആരോഗ്യഗ്രാന്റ് വിനിയോഗത്തിലെ കാര്യക്ഷമത

2024-25 വരെ ലഭ്യമായ തുക മുഴുവനും പൂർണ്ണമായും വിനിയോഗിച്ച ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ആരോഗ്യഗ്രാന്റ് വിനിയോഗം സമയ ബന്ധിതമായും കാര്യക്ഷമമായും നടക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്ന ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നിട്ടുണ്ട് . ആതുര സേവനരംഗത്ത് ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ കാര്യക്ഷമമാക്കുന്നതിനും അടിസ്ഥാനസൗകര്യവികസനത്തിനുമായി ആരോഗ്യ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിൽ ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് വിജയിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

എ) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

(01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 11 | 64500 | 64500 | 0 | - |

ബി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | - | -- | - | - | - |

സി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല | - | - | - | - |

ഡി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ | മെഡിസെപ് പ്രീമിയം ഇനത്തിൽ | ഒടുക്കാൻ ബാക്കി നിൽക്കുന്ന | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | ഒടുക്കിയ തുക | തുക | |
| ഇല്ല | - | - | - | - | - |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 09-06-2025 മുതൽ 10-06-2025 വരെ | നം.കെ.എസ്.എ./കെ.എൻ.ആർ/ സി.3/1028/2025 തീയതി: 05.08.2025 |

## 4-3 സംയുക്തപ്രവൃത്തികൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ നമ്പർ, പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 1 | ഇരിക്കൂൽ ബ്ലോക്ക് പഞ്ചായത്ത് | 122000 | 8/25-ലൈഫ് മിഷന് ഭവന പദ്ധതി 20-20 ജനറൽ | 122000 | 0 |
| 2 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 400000 | 37/25-പെരുവളത്തുപറമ്പ് അങ്കണവാടി റോഡ് കോൺക്രീറ്റ് | 400000 | 0 |
| 3 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 400000 | 61/25-ഇ അഹമ്മദ് സാഹിബ് റോഡ് കോൺക്രീറ്റ് | 400000 | 0 |
| 4 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 400000 | 66/25-ശാഹുല് ഹമീദ് റോഡ് | 400000 | 0 |
| 5 | ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് | 156720 | 27/25-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 156720 | 0 |
| | ആകെ | 1478720 | | 1478720 | |
| 6 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1438000 | 8/25- ലൈഫ് മിഷൻ ഭവന പദ്ധതി -2020 ജനറൽ | 1438000 | 0 |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 83333 | 27/25-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 83333 | 0 |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 249276 | 80/25- സാന്ത്വന പരിചരണ പരിരക്ഷ | 249276 | 0 |

| | | | | | |
|---|---|---|---|---|---|
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 87240 | 170/25- സാന്ത്വന പരിചരണ പരിരക്ഷ | 87240 | 0 |
| | ആകെ | 1857849 | | 1857849 | |

## 4-4 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 2024-25 | ഭൂജല അതോറിറ്റി | ചെവിടിക്കുന്ന് കുഴൽ കിണറും പമ്പ്സെറ്റും സ്ഥാപിക്കൽ, 94/25 | 289/11.03.25 | 92000 | 0 | 92000 |
| 2024-25 | ഭൂജല അതോറിറ്റി | കുന്നമ്മൽ കുടിവെള്ള പദ്ധതി പൂർത്തീകരണം- ഭൂജല വകുപ്പിന് തുക നല്കൽ, 183/25 | 88/05.08.24 | 202000 | 202000 | 0 |
| 2024-25 | ഭൂജല അതോറിറ്റി | വെള്ളുവയൽ കുടിവെള്ള പദ്ധതി, 196/25 | 303/13.03.25 | 100000 | 0 | 100000 |
| 2024-25 | കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ, 214/25 | 344/24.03.25<br>382/20.03.25 | 50000<br>7810 | 0 | 57810 |

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-6 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പ ഇനത്തിൽ ₹2658214 വരവുണ്ട്. വായ്പാ വരവിന്റേയും, വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 2024-25 | ലൈഫ് ഭവന പദ്ധതി | ലഭ്യമാക്കിയിട്ടില്ല | 4523214 | 2658214 | 733546 | 301548 | - | 3090212 |

വായ്പ രജിസ്റ്റർ പ്രകാരമുള്ള വിവരമാണ് മേൽ ചേർത്തിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം ഈ തുകകൾ പൊരുത്തപ്പെടുന്നില്ല.വായ്പ രജിസ്റ്ററും വാർഷിക ധനകാര്യപത്രികയിലെ തുകകളും പൊരുത്തപ്പെടുത്തി

സൂക്ഷിക്കേണ്ടതാണ്.വായ്പ്പ രജിസ്റ്റർ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുമില്ല.വായ്പ്പ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ആധികാരികമാക്കുന്നതിന് രജിസ്റ്റർ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 4-7 സ്ഥിര നിക്ഷേപം

ഇല്ല

### 4-8 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം, | ഖണ്ഡിക നമ്പർ | പരാമർശ വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2-7 | 2007-08 | 3-13 | കുടുംബശ്രീ വിപണന കേന്ദ്രം പൂർണ്ണമായും ലക്ഷ്യം കൈവരിച്ചിട്ടില്ല | പരാമർശം നിലനിൽക്കുന്നു. |
| 2011-12 | 2-7-4 | 2008-09 | 3-21(ബി) | നിഷ്ക്രിയ ആസ്തി | പരാമർശം നിലനിൽക്കുന്നു. |
| 2011-12 | 2-7-4 | 2008-09 | 3-21(സി) | നിഷ്ക്രിയ ആസ്തി | പരാമർശം നിലനിൽക്കുന്നു. |
| 2011-12 | 2-3-4 | 2009-10 | 3-2 | നിഷ്ക്രിയ ആസ്തി | പരാമർശം നിലനിൽക്കുന്നു. |
| 2016-17 | - | 2014-15 | 2-2 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല പഞ്ചായത്തിന് വരുമാനനഷ്ടം | പരാമർശം നിലനിൽക്കുന്നു. |
| 2016-17 | - | 2014-15 | 2-3 | ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു. |
| 2016-17 | - | 2014-15 | 2-4(2)(3) | തൊഴിൽനികുതി ഈടാക്കുന്നതിലേയും ചുമത്തുന്നതിലെയും അപാകങ്ങൾ | പരാമർശം നിലനിൽക്കുന്നു. |
| 2016-17 | – | 2015-16 | 2-2 | തൊഴിൽനികുതി അപാകങ്ങൾ | പരാമർശം നിലനിൽക്കുന്നു. |

### 4-10 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

### 4-11 ഓഡിറ്റ് പ്രത്യവലോകനം

**എ. സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹38709801 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹33831312 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 1857134 |

**ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേര് വിവരം |
|---|---|---|
| 1-14 | 400000 | ശ്രീമതി. മോളി , എം.വി.സെക്രട്ടറി |
| 1-15 | 34948 | ശ്രീമതി. മോളി , എം.വി.സെക്രട്ടറി |
| 1-16 | 39850 | ശ്രീമതി. മോളി , എം.വി.സെക്രട്ടറി |
| 1-17 | 57810 | ശ്രീമതി. മോളി , എം.വി.സെക്രട്ടറി |
| 1-18 | 342282 | ശ്രീമതി. മോളി , എം.വി.സെക്രട്ടറി |
| 1-19 | 192000 | ശ്രീമതി. മോളി , എം.വി.സെക്രട്ടറി |
| 1-20 | 25862 | ശ്രീമതി. മോളി , എം.വി.സെക്രട്ടറി |
| 1-22 | 499333 | ശ്രീമതി. മോളി , എം.വി.സെക്രട്ടറി |
| 1-23 | 20000 | ശ്രീ.ജിതേഷ് പി.കെ, അസി.സെക്രട്ടറി |
| 1-24 | 15000 | ശ്രീ.ജിതേഷ് പി.കെ, അസി.സെക്രട്ടറി |
| 1-25 | 163833 | ഡോ. ശ്രീകല.എ.പി, മെഡിക്കൽ ഓഫീസർ (GAD) |
| 1-26 | 56616 | ഡോ.അരുൺ.പി.സി, മെഡിക്കൽ ഓഫീസർ (CHC) |
| 1-27 | 9600 | ശ്രീമതി. മോളി , എം.വി.സെക്രട്ടറി |
| ആകെ | 1857134 | |

**ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം**

| ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. മോളി .എം.വി<br>സെക്രട്ടറി | സെക്രട്ടറി<br>ഇരിക്കൂർ ഗ്രാമപഞ്ചായത്ത് | വടക്കേടത്ത് ഹൗസ്, പുളിമ്പറമ്പ, തളിപ്പറമ്പ്, കണ്ണൂർ |
| ഡോ.അരുൺ.പി.സി<br>മെഡിക്കൽ ഓഫീസർ (CHC) | മെഡിക്കൽ ഓഫീസർ (CHC) ,<br>ഇരിക്കൂർ ഗ്രാമപഞ്ചായത്ത് | പാലുമ്മേൽ, കാഞ്ഞിരക്കൊല്ലി, പയ്യാവൂർ, കണ്ണൂർ 670633 |
| ഡോ. ശ്രീകല.എ.പി<br>മെഡിക്കൽ ഓഫീസർ (GAD) | മെഡിക്കൽ ഓഫീസർ (GAD), ഇരിക്കൂർ ഗ്രാമപഞ്ചായത്ത് | ശ്രീലയം, കല്ല്യാട് പി ഒ, ഇരിക്കൂർ |
| ശ്രീ.ജിതേഷ് പി.കെ<br>അസി.സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>ഇരിക്കൂർ ഗ്രാമപഞ്ചായത്ത് | കോഴിച്ചാൽ ഹൌസ്, ചേപ്പറമ്പ്, നിടിയേങ്ങ പി ഒ<br>കണ്ണൂർ - 70631 |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 3 |
| 2000-01 (പ.വി) | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 2 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 1 |
| 2008-09 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 2 |
| 2009-10 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 1 |
| 2012-13, 2013-14 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 1 |
| 2014-15 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 4 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 2 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 5 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 1 |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 8 |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 12 |
| 2021-22 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/2025 തീ.11.06.2025 | 12 |
| 2022-23 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി4/1819/2023 തീ.07.03.2024 | 33 |
| 2023-24 | നം.കെ.എസ്.എ/കെ.എൻ.ആർ/ സി3/867/1254/2024(1) തീ.22.02.2025 | 26 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 6/2025 dated 09-05-2025 and submitted on 15-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Irikkur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Irikkur Grama Panchayat as on 31-03-2025

**Date: 05/08/2025**

**Deputy Director**
**District Office Kannur**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Irikkur Grama Panchayat for the Year 2024-2025 .

**1.Major Observations**

1) Panchayath fund shows negative balance

**2.Other Observations**

1)Cash Flow statement - Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.
2)The mandatory Financial Statements such as Ratios, comparative amounts for the preceding year prescribed in 2011

Kerala Panchayat Raj Accounting rules have not been submitted to audit.

3)Amount given for deposit works for which utilisation is not obtained is booked in wrong account head

4)Amount used for asset creation using specific grant account is not transfered to capital contribution

5)Balance of distress relief fund as per B-2 schedule does not match with its bank balance as per B-17 schedule

6)Grant liability amount shown as liability in balance sheet does not match with bank account opened for specific grant account

eg-CFC,Health grant,literacy

7) Capital work in progress shows the same balance as that of previous year

8)Expenditure of Development fund general, central finance commission grant as per sulekha do not match with annual financial statement

9) Balance amount received from ground water department after completion of work is not adjusted from advance head inB-18 schedule

10) MGNREGS receipt &expenditure as per AFS does not match with the actual amount

11)Amount given as widows daughters marriage assistance is not shown I-6 schedule of AFS

12)Documents to verify the accuracy of asset, depreciation as per AFS is not produced

13) loan liability amount as per loan register does not match with AFS

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annex3-1

## RECEIPT & PAYMENT STATEMENT

**Irikkur Grama Panchayat**
RECEIPT & PAYMENT STATEMENT

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 13238537.00 |
| Cash | Cash | RP-40(a) | 311166.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1389510.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3000.00 |
| 140000000 | Fees & User Charges | RP-4 | 4193056.00 |
| 150000000 | Sale & Hire Charges | RP-5 | 79193.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9618878.00 |
| 171000000 | Interest Earned | RP-9 | 196828.00 |
| 311000000 | Earmarked Funds | RP-28 | 500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 12614552.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-45 | 7106916.00 |
| 460000000 | Loans, Advances and Deposits | RP-49 | 37537.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 166639.00 |
| 330000000 | Secured Loans | RP-31 | 2685663.00 |
| 340000000 | Deposits Received | RP-33 | 116016.00 |
| 350000000 | Other Liabilities | RP-35 | 501513.00 |
| | **Grand total** | | **52259504.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 3500.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 361807.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3399685.00 |
| 460000000 | Loans, Advances and Deposits | RP-49 | 86000.00 |
| | **Non Operating** | | |
| 330000000 | Secured Loans | RP-31 | 243.00 |
| 340000000 | Deposits Received | RP-33 | 42577.00 |
| 350000000 | Other Liabilities | RP-35 | 29937500.00 |
| | **Closing Balance** | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 18169779.00 |

| | | | |
|---|---|---|---|
| Cash | Cash | RP-40(b) | 258413.00 |
| | **Grand Total** | | **52259504.00** |

## Annex3-2

## INCOME & EXPENDITURE STATEMENT

| Irikkur Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2024 to 31-March-2025 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 7849176.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 203892.00 |
| 140000000 | Fee & User Charges | I-4 | 3948385.00 |
| 150000000 | Sale & Hire Charges | I-5 | 79193.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 79622430.00 |
| 170000000 | Income from Investments | I-7 | 0.0 |

| | | | |
|---|---|---|---|
| 171000000 | Interest Earned | I-8 | 196828.00 |
| 180000000 | Other Income | I-9 | 184536.00 |
| A | **Total Income** | | **92084440.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11200496.00 |
| 220000000 | Administrative Expenses | I-11 | 1285353.00 |
| 230000000 | Operations & Maintenance | I-12 | 1305760.00 |
| 240000000 | Interest & Finance Charges | I-13 | 1180.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3625317.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 23176325.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 3840068.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 10999812.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 27438800.00 |

| | | | |
|---|---|---|---|
| | | | |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 585140.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 5963.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 9500290.00 |
| B | **Total Expenditure** | | **92964504.00** |
| C=A-B | **Gross Surplus / Deficit of income over Expenditure** | | **-880064.00** |
| 190000000 | Prior period Income | I-19 | (-)14001.00 |
| 290000000 | Prior period Expense | I-18 | 1288641.00 |
| D | Net Difference | I-19 – I-18 | (-)1274640.00 |
| E | Gross surplus/deficit of income over expenditure after prior period items | | 394576.00 |

## Annex3-3

## BALANCE SHEET

Irikkur Grama Panchayat
BALANCE SHEET

As on 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -13257985.00 |
| 311000000 | Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund | B-2 | 30342.00 |
| 312000000 | Reserves | B-3 | 53073035.00 |
| | **Total Reserve & Surplus** | | **39845392.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9814787.00 |
| | **Total Grants, Contributions for Specific Purposes** | | **9814787.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 3947324.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **3947324.00** |

| | | | |
|---|---|---|---|
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 307726.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1387094.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **1694820.00** |
| | **TOTAL LIABILITIES** | | **55302323.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 2206751.00 |
| 412000000 | Capital Work in Progress | B-11(b) | 4097383.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 1716316.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 21173277.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 55589743.00 |
| 416000000 | Accumulated Depreciation | B-11(a) | -54889665.00 |
| | **Total Fixed Assets** | | **29893805.00** |
| | **Investments** | | |

| | | | |
|---|---|---|---|
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5458111.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 18428192.00 |
| 460000000 | Loans, Advances and Deposits | B-18 | 1522215.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **25408518.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not** | | **0.0** |

| | | |
|---|---|---|
| | **written off)** | |
| | TOTAL ASSETS | **55302323.00** |

ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം.